**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 82** **10-08-2023 - ൽ മറുപടിയ്ക്ക്**

**ജലാശയങ്ങളുടെ ഡിജിറ്റൽ രൂപം തയ്യാറാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജലാശയങ്ങളുടെ ഡിജിറ്റൽ രൂപം തയ്യാറാക്കുന്നതിന് നടത്തി വരുന്ന പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി നീർച്ചാലുകൾ വീണ്ടെടുക്കുന്നതിനായി 'ഇനി ഞാൻ ഒഴുകട്ടെ' എന്ന പേരിൽ ഒരു ക്യാമ്പയിൻ നടത്തിയിരുന്നു. ഈ ക്യാമ്പയിന്റെ മൂന്നാംഘട്ടമായി പശ്ചിമഘട്ട നീർച്ചാൽ ശൃംഖലകൾ വീണ്ടെടുക്കുന്നതിനായി 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' എന്ന പേരിൽ ഒരു ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായി നീർച്ചാലുകൾ ഡിജിറ്റൽ മാപ്പിൽ രേഖപ്പെടുത്തുന്ന ജനകീയ പ്രവർത്തനം നടന്നു വരികയാണ്. സംസ്ഥാന ഐ.ടി. മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐസിഫോസിന്റെ (ICFOSS) സാങ്കേതിക സഹായത്തിലും RKI പിന്തുണയോടെയുമാണ് ഈ പ്രവർത്തനം നടത്തുന്നത്. പശ്ചിമഘട്ട പ്രദേശങ്ങളിലെ 230 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ഈ പ്രവർത്തനം നടത്തുന്നത്. ഇതിനകം തന്നെ 125 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാപ്പിംഗ് പ്രവർത്തനം പൂർത്തിയായിട്ടുണ്ട്.<br><br>ഓപ്പൺ സ്ട്രീറ്റ് മാപ്പ് സങ്കേതം പ്രയോജനപ്പെടുത്തി നിർമ്മിക്കുന്ന ഈ മാപ്പുകൾ എല്ലാ വകുപ്പുകൾക്കും ഉപയോഗിക്കുവാൻ കഴിയും.<br><br>കൂടാതെ, ബഹു.ദേശീയ ഹരിത ട്രൈബ്യൂണലിന്റെ (NGT) ഉത്തരവ് പ്രകാരം കേന്ദ്ര സർക്കാർ കേരളത്തിൽ കണ്ടെത്തിയ 11456 കുളങ്ങളുടെ വിവര ശേഖരണത്തിനും പുനരുദ്ധാരണത്തിനുമായി വിവരങ്ങൾ (meta data) മൊബൈൽ ആപ്പ് വഴി ശേഖരിച്ചുവരുന്നു. |
| (ബി) | മറ്റ് വകുപ്പുകൾക്ക് കൂടി ഉപയോഗപ്പെടുത്താനാകുന്ന | (ബി) | ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി |

| | | | |
|---|---|---|---|
| | വിധത്തിലാണോ ഇത് തയ്യാറാക്കിയിട്ടുള്ളത്; വിശദാംശം നൽകുമോ; | | നീർച്ചാലുകൾ വീണ്ടെടുക്കുന്നതിനായി 'ഇനി ഞാൻ ഒഴുകട്ടെ' എന്ന പേരിൽ ഒരു ക്യാമ്പയിൻ നടത്തിയിരുന്നു. ഈ ക്യാമ്പയിന്റെ മൂന്നാംഘട്ടമായി പശ്ചിമഘട്ട നീർച്ചാൽ ശൃംഖലകൾ വീണ്ടെടുക്കുന്നതിനായി 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' എന്ന പേരിൽ ഒരു ക്യാമ്പയിന് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായി നീർച്ചാലുകൾ ഡിജിറ്റൽ മാപ്പിൽ രേഖപ്പെടുത്തുന്ന ജനകീയ പ്രവർത്തനം നടന്നു വരികയാണ്. സംസ്ഥാന ഐ.ടി. മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐസിഫോസിന്റെ (ICFOSS) സാങ്കേതിക സഹായത്തിലും RKI പിന്തുണയോടെയുമാണ് ഈ പ്രവർത്തനം നടത്തുന്നത്. പശ്ചിമഘട്ട പ്രദേശങ്ങളിലെ 230 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ഈ പ്രവർത്തനം നടത്തുന്നത്. ഇതിനകം തന്നെ 125 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാപ്പിംഗ് പ്രവർത്തനം പൂർത്തിയായിട്ടുണ്ട്.<br><br>ഓപ്പൺ സ്ട്രീറ്റ് മാപ്പ് സങ്കേതം പ്രയോജനപ്പെടുത്തി നിർമ്മിക്കുന്ന ഈ മാപ്പുകൾ എല്ലാ വകുപ്പുകൾക്കും ഉപയോഗിക്കുവാൻ കഴിയും.<br><br>കൂടാതെ, ബഹു.ദേശീയ ഹരിത ട്രൈബ്യൂണലിന്റെ (NGT) ഉത്തരവ് പ്രകാരം കേന്ദ്ര സർക്കാർ കേരളത്തിൽ കണ്ടെത്തിയ 11456 കുളങ്ങളുടെ വിവര ശേഖരണത്തിനും പുനരുദ്ധാരണത്തിനുമായി വിവരങ്ങൾ (meta data) മൊബൈൽ ആപ്പ് വഴി ശേഖരിച്ചുവരുന്നു. |
| (സി) | വിവിധ ജലസ്രോതസ്സുകളുടെ പരിപാലനം ഉറപ്പാക്കി ജലലഭ്യതയും ഉപയോഗവും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന ജലബജറ്റ് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ സഹായത്തോടെ സംസ്ഥാനത്തെ ഭൂജലസ്രോതസ്സുകളുടെ സ്ഥിതിവിവര കണക്ക് ശേഖരിക്കുന്നതിനുള്ള നടപടി ഭൂജല വകുപ്പ് മുഖേന ആരംഭിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 39 ബ്ലോക്കുകളിൽ ഭാഗികമായി ഡാറ്റശേഖരണം പൂർത്തീകരിച്ചിട്ടുണ്ട്. പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17/12/2019 -ൽ നടന്ന അവലോകന യോഗത്തിൽ ജല സുരക്ഷയും, പാരിസ്ഥിതിക സുരക്ഷയും ഭാവി തലമുറയ്ക്ക് കൂടി ഉറപ്പാക്കുന്നതിനായി, ജനപങ്കാളിത്തത്തോടെ ജല ബജറ്റ് തയ്യാറാക്കുന്നതിന് തീരുമാനം എടുക്കുകയുണ്ടായി.<br><br>ജല ബജറ്റ് തയ്യാറാക്കുന്നതിനായി ചീഫ് എഞ്ചിനീയർ (ഐ&എ) കൺവീനറായി ഒരു ഫോക്കസ് ഗ്രൂപ്പ് |

രൂപീകരിക്കുകയുണ്ടായി. തുടർന്ന് ചെറു നീർത്തടാടിസ്ഥാനത്തിൽ / തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അതിർത്തികൂടി പരിഗണിച്ച് ജല ബജറ്റിംഗ് നിർവ്വഹിക്കുന്നതിനുളള മാർഗ്ഗരേഖ കോഴിക്കോട് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന്റെ (സി.ഡബ്ല്യു.ആർ.ഡി.എം) സഹായത്തോടെ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും ഈ പ്രവർത്തനം ഏറ്റെടുക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുളളത്.

പരീക്ഷണാടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ മുട്ടിൽ പഞ്ചായത്തിനെ ജലബജറ്റ് തയ്യാറാക്കുന്നതിനായി തിരഞ്ഞെടുക്കുകയും, പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് നവകേരളം കർമ്മ പദ്ധതി II - യുടെ ഭാഗമായി "ഒരു ജില്ലയിൽ ഒരു ബ്ലോക്കിൽ" എന്ന രീതിയിൽ ജലബജറ്റ് തയ്യാറാക്കുവാൻ തീരുമാനിക്കുകയും, ഹരിതകേരളം മിഷന്റെ (നവകേരളം കർമ്മ പദ്ധതി II) ആഭിമുഖ്യത്തിൽ ജലവിഭവവുമായി ബന്ധപെട്ടുവരുന്ന എല്ലാ വകുപ്പുകളിൽ നിന്നുമുള്ള തിരഞ്ഞെടുത്ത ഉദ്യോഗ സ്ഥർക്ക് ജല ബഡ്ജറ്റിംഗിൽ പരിശീലനം നൽകുകയും ചെയ്തുവരുന്നു. ഇതിന്റെ തുടർച്ചയായി ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും, ജലവിഭവ വകുപ്പിന്റെയും സഹകരണത്തോടെ 15 ബ്ലോക്ക് പഞ്ചായത്തുകളിലും, ഈ ബ്ലോക്ക് പഞ്ചായത്തുകളിൽ ഉൾപ്പെട്ട 94 ഗ്രാമ പഞ്ചായത്തുകളിലുമായി ജലബജറ്റ് തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. ആയത് 17/04/2023 ന ബഹു. മുഖ്യമന്ത്രി പ്രകാശനം നിർവ്വഹിക്കുകയുണ്ടായി.

ഓരോ പത്ത് ദിവസത്തേയും ജലലഭ്യതയും ജലആവശ്യവും താരതമ്യം ചെയ്ത് ജലമിച്ചമാണോ ജലകമ്മിയാണോ ഈ സമയത്ത് അനുഭവപ്പെടുന്നത് എന്ന് ഈ ജലബജറ്റിലൂടെ അറിയാൻ കഴിയും. ഇത്തരത്തിൽ ജലകമ്മി അനുഭവപ്പെടുന്ന സമയങ്ങളിൽ ജലസ്രോതസ്സുകൾ പരിപാലിക്കുന്ന പ്രവർത്തനവും അധിക ജലസംഭരണികൾ, ചെറുകുളങ്ങൾ എന്നിവയുടെ നിർമ്മാണവും തുടർന്ന് ഏറ്റെടുത്ത് നടപ്പാക്കുക വഴി ജലലഭ്യത ഉറപ്പാക്കാനാകും.

കേരളത്തിലെ പതിനഞ്ചു ബ്ലോക്ക് പഞ്ചായത്തുകളിൽ (പതിമൂന്ന് ജില്ലകളിൽ ഓരോന്നും കോഴിക്കോട് ജില്ലയിൽ രണ്ടെണ്ണവും) ആദ്യ ഘട്ടത്തിൽ ജല

| | | | |
|---|---|---|---|
| | | | ബഡ്ജറ്റ് തയ്യാറാക്കുകയുണ്ടായി. ഹരിതകേരളം മിഷൻ നേതൃത്വവും സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് & മാനേജ്മെന്റ് (CWRDM) സാങ്കേതിക സഹായവും നൽകി. ജില്ലകളിലെ വിവിധ വകുപ്പുകൾ അതാത് മേഖലയിലെ വിവരശേഖരണത്തിന് മുൻകൈ എടുത്തു. പ്രസ്തുത പദ്ധതിയുടെ റിപ്പോർട്ടുകളുടെ ഔദ്യോഗിക പ്രകാശനം ബഹു. മുഖ്യമന്ത്രി ഏപ്രിൽ 17-ന നിർവ്വഹിച്ചു. തുടർ പ്രവർത്തനം ആയി എല്ലാ ജില്ലകളിലും ഓരോരോ ബ്ലോക്ക് കൂടി തിരഞ്ഞെടുക്കുകയുണ്ടായി. അവയുടെ റിപ്പോർട്ട് ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. അടുത്ത ഘട്ടത്തിൽ സംസ്ഥാനത്തിലെ എല്ലാ പഞ്ചായത്തുകളുടെയും ജല ബജറ്റ് ഉണ്ടാക്കാൻ ആണ് ഉദ്ദേശിക്കുന്നത്.<br><br>സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് & മാനേജ്മെന്റ് (CWRDM) -ന്റെ നേതൃത്വത്തിൽ കാസർഗോഡ് പെരിയയിലുള്ള Central University of Kerala യിലും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിലും ഓരോ ശില്പശാലകൾ സംഘടിപ്പിച്ചു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ജില്ല | ബ്ലോക്ക് |
|---|---|---|
| 1 | തിരുവനന്തപുരം | പാറശ്ശാല |
| 2 | തിരുവനന്തപുരം | അതിയന്നൂർ |
| 3 | തിരുവനന്തപുരം | പോത്തൻകോട് |
| 4 | തിരുവനന്തപുരം | നെടുമങ്ങാട് |
| 5 | തിരുവനന്തപുരം | ചിറയിൻകീഴ് |
| 6 | കൊല്ലം | മുഖത്തല |
| 7 | ഇടുക്കി | ഇളംദേശം |
| 8 | ഇടുക്കി | കട്ടപ്പന |
| 9 | ഇടുക്കി | നെടുങ്കണ്ടം |
| 10 | എറണാകുളം | പാറക്കടവ് |
| 11 | തൃശ്ശൂർ | ചൊവ്വന്നൂർ |
| 12 | തൃശ്ശൂർ | മതിലകം |
| 13 | തൃശ്ശൂർ | തളിക്കുളം |
| 14 | പാലക്കാട് | പട്ടാമ്പി |
| 15 | പാലക്കാട് | തൃത്താല |
| 16 | പാലക്കാട് | ചിറ്റൂർ |
| 17 | പാലക്കാട് | മലമ്പുഴ |
| 18 | മലപ്പുറം | കൊണ്ടോട്ടി |
| 19 | മലപ്പുറം | കുറ്റിപ്പുറം |
| 20 | മലപ്പുറം | മലപ്പുറം |
| 21 | മലപ്പുറം | താനൂർ |
| 22 | മലപ്പുറം | തിരൂരങ്ങാടി |
| 23 | മലപ്പുറം | തിരൂർ |
| 24 | മലപ്പുറം | വേങ്ങര |
| 25 | കോഴിക്കോട് | ബാലുശ്ശേരി |
| 26 | കോഴിക്കോട് | കുന്ദമംഗലം |
| 27 | കണ്ണൂർ | കണ്ണൂർ |
| 28 | കണ്ണൂർ | പാനൂർ |
| 29 | കണ്ണൂർ | തലശ്ശേരി |
| 30 | കാസർഗോഡ് | കാഞ്ഞങ്ങാട് |
| 31 | കാസർഗോഡ് | കാറഡുക്ക |
| 32 | കാസർഗോഡ് | മഞ്ചേശ്വർ |
| 33 | കാസർഗോഡ് | കാസർഗോഡ് |
| 34 | കോട്ടയം | ഈരാറ്റുപേട്ട |
| 35 | പത്തനംതിട്ട | കോയിപ്പുറം |
| 36 | ആലപ്പുഴ | ആര്യാട് |
| 37 | വയനാട് | കൽപ്പറ്റ |
| 38 | കാസർഗോഡ് | നിലേശ്വരം |
| 39 | പാലക്കാട് | ആലത്തൂർ |